# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2134 — 10.10.2011-ലെ മറുപടിക്ക്

## ഇന്റഗ്രേറ്റഡ് വാട്ടർ ആന്റ് സാനിറ്റേഷൻ പ്രോജക്ട് ഫോർ - കുട്ടനാട്

| ചോദ്യം<br>ശ്രീ. തോമസ് ചാണ്ടി | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കുട്ടനാട്ടിലെ കുടിവെള്ള ശുചിത്വ മേഖലയിൽ സമ്പൂർണ്ണ വികസനത്തിനുതകുന്ന " ഇന്റഗ്രേറ്റഡ് വാട്ടർ ആന്റ് സാനിറ്റേഷൻ പ്രോജക്ട് ഫോർ കുട്ടനാട് " നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ; | (എ) | സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി കേന്ദ്ര സഹായത്തിനു സമർപ്പിക്കുന്നതിനു വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുമോ;<br>(സി) പദ്ധതിയുടെ നിലവിലുള്ള അവസ്ഥ ബന്ധപ്പെട്ട ഫയൽ നമ്പർ സഹിതം വിശദമാക്കുമോ ? | (ബി)-യും (സി)-യും | പ്രസ്തുത പദ്ധതി കേന്ദ്രസഹായത്തിനായി 10486/ബി1/2010/ജലവിഭവവകുപ്പ് നം. കത്ത് മുഖാന്തിരം 23/9/2011-ൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

17.6.2008 - കൂടിയ നിയമസഭാ ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ നിർദ്ദേശ പ്രകാരം കേരളാ വാട്ടർ അതോറിറ്റി, കുട്ടനാട് പ്രദേശത്തെ കുടിവെള്ള പ്രശ്നങ്ങൾക്കും മാലിന്യ നിർമ്മാർജ്ജനത്തിനുമുള്ള ഒരു പദ്ധതിയുടെ പ്രാഥമിക എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി 17.12.2008-ലെ ജപ്പാൻ ഗവൺമെന്റ് മിഷന്റെ ആനുവൽ കൺസൾട്ടേഷൻ മീറ്റിംഗിൽ അവതരിപ്പിക്കുകയുണ്ടായി. ഈ പദ്ധതി സംബന്ധിച്ച ഒരു കൺസെപ്റ്റ് പേപ്പറും പ്രാഥമിക എൻജിനീയറിംഗ് റിപ്പോർട്ടും ഇൻഡ്യാ ഗവൺമെന്റിന് സമർപ്പിക്കുകയും ജിക്ക - വിദേശ ധനസഹായപദ്ധതിയിൽപ്പെടുത്തി പദ്ധതിക്ക് അംഗീകാരം നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. ഇതു സംബന്ധിച്ച വിവരങ്ങൾ സംസ്ഥാന സർക്കാരിനെയും അറിയിച്ചിരുന്നു. കൂടാതെ 15.6.2009-ലെ കേരള സർക്കാർ ഉത്തരവു നം.624/09/ജ.വി.വ. പ്രകാരം കുട്ടനാട് പ്രദേശത്തെ കുടിവെള്ള-മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾക്കു പരിഹാരമായി ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയുണ്ടായി. ഇതിൻ പ്രകാരം പ്രസ്തുത പദ്ധതിയുടെ വിശദ എൻജിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കുകയും 24.11.2009-ലെ കത്ത് പ്രകാരം സംസ്ഥാന സർക്കാരിന് സമർപ്പിച്ച് കേന്ദ്രസർക്കാരിൽനിന്നും വിദേശ ധനസഹായം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു. വിദേശസഹായം സംബന്ധിച്ചുള്ള കേന്ദ്രസർക്കാരിന്റെ ഉറപ്പ് ലഭിക്കാത്തതിനാൽ സംസ്ഥാന സർക്കാരിന്റെ 'സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ' പരിഗണിച്ചിട്ടില്ലായെന്ന് വ്യക്തമാക്കിക്കൊണ്ട് 29.1.10-ൽ സംസ്ഥാനസർക്കാർ വിശദ എൻജിനീയറിംഗ് റിപ്പോർട്ട് തിരിച്ചയക്കുകയുണ്ടായി. തുടർന്ന് വിദേശസഹായം സംബന്ധിച്ചുള്ള അനുവാദം കേന്ദ്രസർക്കാരിൽനിന്നു ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാരിനോട് കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നു. കൂടാതെ കേരള സർക്കാരിന്റെ 29.4.2010ലെ 10169/B1/2010/WRD നമ്പരിലുള്ള കത്ത് പ്രകാരം 10.2.2010 -ൽ കൂടിയ എം.പി. മാരുടെ കോൺഫറൻസിൽ പ്രസ്തുത പ്രൊപ്പോസൽ വിദേശധനസഹായത്തിനായി കേന്ദ്രഗവൺമെന്റിന് ഉടനടി സമർപ്പിക്കണമെന്ന് നിർദ്ദേശമുണ്ടായത് അറിയിക്കുകയുണ്ടായി. അതിൻ പ്രകാരം കേരള വാട്ടർ അതോറിറ്റി 6.6.2010 തീയതിയിലുള്ള കത്ത് പ്രകാരം പ്രസ്തുത വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി വിദേശധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

എന്നാൽ പദ്ധതി സംബന്ധിച്ച് പുതിയതായി ഒരു കൺസെപ്റ്റ് നോട്ട് തയ്യാറാക്കി സമർപ്പിക്കാൻ 21.4.2010-ൽ കേന്ദ്ര സർക്കാർ ആവശ്യപ്പെടുകയുണ്ടായി. ഇതിനെ തുടർന്ന് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ പുതുക്കിയ കൺസെപ്റ്റ് നോട്ട് കേരള വാട്ടർ

അതോറിറ്റിയുടെ 14.9.2010ലെ കത്ത് മുഖേന കേന്ദ്രസർക്കാരിന്റെ ധനമന്ത്രാലയത്തിന് സമർപ്പിക്കുകയും ഇതു സംബന്ധിച്ച വിവരം കേന്ദ്ര-സംസ്ഥാന സർക്കാരുകളെ അറിയിക്കുകയും ചെയ്തിരുന്നു. കൂടാതെ ബഹുമാനപ്പെട്ട സംസ്ഥാന ജലവിഭവ വകുപ്പു മന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ഗ്രാമവികസനമന്ത്രിക്ക് 12.11.2010-ൽ കുട്ടനാട് പദ്ധതിക്ക് അംഗീകാരം നൽകണമെന്ന് കാണിച്ചുകൊണ്ട് കത്ത് നൽകുകയുണ്ടായി. എന്നാൽ സംസ്ഥാന സർക്കാർ ഈ പദ്ധതി അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് നൽകിയിട്ടില്ലായെന്ന് 24.11.2010-ൽ കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി. ആയതിനാൽ കേരള വാട്ടർ അതോറിറ്റിയുടെ 23.11.2010-ലെ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം പ്രസ്തുത പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ വിദേശ ധനസഹായ അംഗീകാരത്തിനായി സമർപ്പിക്കാൻ കേരള ഗവൺമെന്റിനോട് വീണ്ടും അഭ്യർത്ഥിക്കുകയുണ്ടായി. കൂടാതെ ശ്രീ. കെ. മജുംദാർ, ഡെപ്യൂട്ടി അഡ്വൈസർ കേന്ദ്ര ഗ്രാമീണ ശുദ്ധജല മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം പ്രസ്തുത പ്രോജക്ടിന്റെ വിശദവിവരങ്ങളും പ്രസക്തിയും കേരള വാട്ടർ അതോറിറ്റിയുടെ 1.12.2010-ലെ കത്ത് മുഖേന കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ 10.12.2010-ൽ ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ ഈ വിഷയം അവതരിപ്പിച്ചിരുന്നു.

കേരള ഗവൺമെന്റിന്റെ 9.2.2011-ലെ 10486/B1/2010 നമ്പരിലുള്ള കത്ത് മുഖേനയുള്ള നിർദ്ദേശ പ്രകാരം കേരള വാട്ടർ അതോറിറ്റി 1.3.2011-ൽ വിശദ എൻജിനീയറിംഗ് റിപ്പോർട്ട് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുവേണ്ടി വീണ്ടും നൽകിയിട്ടുണ്ട്. കൂടാതെ 16.6.2011-ലെ കത്ത് പ്രകാരം പ്രസ്തുത പദ്ധതിയുടെ ഒരു പകർപ്പു കൂടി സംസ്ഥാന ഗവൺമെന്റിന് നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി സംബന്ധിച്ച് കേന്ദ്ര ഗവണമെന്റ് ഉന്നയിച്ച പ്രശ്നങ്ങൾക്കുള്ള മറുപടി ഉൾപ്പെടുത്തിക്കൊണ്ടുള്ള കത്ത് ഈ ഓഫീസിൽനിന്നും 6.9.2011-ൽ സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ട്.

കൂടാതെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാന മന്ത്രിമാർ സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 2011 സെപ്റ്റംബർ മാസം നടത്തിയ ഡൽഹി സന്ദർശന വേളയിൽ ഇന്റഗ്രേറ്റഡ് വാട്ടർ ആന്റ് സാനിറ്റേഷൻ പ്രോജക്ട് ഫോർ കുട്ടനാട് സംബന്ധിച്ച ആവശ്യം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി 424 കോടി രൂപ അടങ്കൽ തുകയുള്ള വിശദ എൻജിനീയറിംഗ് റിപ്പോർട്ട് സംസ്ഥാന ജലവിഭവ വകുപ്പു മന്ത്രിയുടെ ഓഫീസിൽ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ